പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2043 — 26.03.2013-ൽ മറുപടിയ്ക്ക്

## തിരൂർ നിയോജക മണ്ഡലത്തിലെ വൈദ്യുതി വകുപ്പിൻെറ പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) തിരൂർ നിയോജക മണ്ഡലത്തിൽ 2013-14ൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) തിരൂർ നിയോജക മണ്ഡലത്തിൽ 2013-14 ലേയ്ക്ക് പ്രസരണ മേഖലയിൽ, കൽപ്പകഞ്ചേരിയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2013-14 കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.<br><br>1. 22.69 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുക.<br>2. 9 കിലോമീറ്റർ 3 ഫേസ് ലൈൻ നിർമ്മിക്കുക.<br>3. 19.07 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ നിർമ്മിക്കുക.<br>4. 29 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.<br>5. 39.88 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനാക്കി മാറ്റി നിർമ്മിക്കുക.<br>6. 3350 വൈദ്യുത കണക്ഷനുകൾ നൽകുക. |
| (ബി) തിരൂരിലെ വളവന്നൂർ കെ. എസ്. ഇ. ബി സബ്സ്റ്റേഷൻെറ പ്രവർത്തനം എന്ന് ആരംഭി ക്കുമെന്ന് അറിയിക്കുമോ ; | (ബി) തിരൂരിൽ, കൽപ്പകഞ്ചേരി 33 കെ. വി സബ്സ് റ്റേഷൻ (വളവന്നൂർ) നിർമ്മാണത്തിനായി, രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ അവസ്ഥ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; പ്രസ്തുത സബ്സ്റ്റേഷൻ എത്ര പേർക്ക് പ്രയോജനകരമാകുമെന്ന് വ്യക്തമാക്കുമോ ? | (സി) | വളവന്നൂരിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി സംസ്ഥാന വൈദ്യുതി ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉദ്ദേശം 40,000 ഉപഭോക്താക്കൾക്ക് ഈ സബ്സ്റ്റേഷൻ പ്രയോജനപ്പെടുന്നതായിരിക്കും. |

**സെക്ഷൻ ഓഫീസർ.**